**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5006** **20-07-2022 - ൽ മറുപടിയ്ക്ക്**

**തഹസിൽദാർ / സീനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്കുള്ള ഡി.പി.സി. നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ലാന്റ് റവന്യൂ വകുപ്പിലെ റാങ്ക് ലിസ്റ്റിലെ മുൻഗണനാക്രമം നിശ്ചയിച്ച് ഡി.പി.സി. ലിസ്റ്റ് പരസ്യപ്പെടുത്തുന്ന അധികാരി ആരാണെന്ന പറയാമോ; ഈ ലിസ്റ്റ് പുനർനിർണ്ണയിക്കുന്നതിനും അഡ്ഹോക്ക് ഡി.പി.സി. കൂടുന്നതിനും തീരുമാനം എടുക്കേണ്ടത് ആരാണ്; വ്യക്തമാക്കാമോ; | (എ) | ലാൻഡ് റവന്യൂ വകുപ്പിൽ ഡെപ്യൂട്ടി തഹസിൽദാർ/ ജൂനിയർ സൂപ്രണ്ട് തസ്തികയിൽ നിന്നും തഹസിൽദാർ/സീനിയർ സൂപ്രണ്ട് തസ്തികയിലേക്ക് സ്ഥാനക്കയറ്റം നടത്തുന്നതിന് യോഗ്യരായ ജീവനക്കാരെ തീരുമാനിക്കുന്നതിനുള്ള ഡി.പി.സി. (ലോവർ) യോഗത്തിന്റെ ചെയർമാൻ ബഹു. പി.എസ്.സി. മെമ്പറും, കൺവീനർ ലാൻഡ് റവന്യൂ കമ്മിഷണറും, മെമ്പർ സർക്കാർ പ്രതിനിധിയുമാണ്. പ്രസ്തുത യോഗതീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ സെലക്ട് ലിസ്റ്റ് അസാധാരണ വിജ്ഞാപനമായി പരസ്യപ്പെടുത്തുകയാണ് ചെയ്യുന്നത്. ലിസ്റ്റ് പ്രസിദ്ധീകരിച്ച ശേഷം യോഗ്യരായ ജീവനക്കാർ അപേക്ഷ സമർപ്പിക്കുമ്പോഴും വിവിധ കോടതി ഉത്തരവുകളുടെ അടിസ്ഥാനത്തിലും സെലക്ട് ലിസ്റ്റിൽ ജീവനക്കാരെ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് തീരുമാനമെടുക്കുന്നതിനായി ലാൻഡ് റവന്യൂ കമ്മീഷണർ ഡി.പി.സി ചേരുന്നതിനാവശ്യമായ രേഖകൾ ബഹു. ചെയർമാന് സമർപ്പിക്കുകയും ബഹു. ചെയർമാൻ തീയതിയും സമയവും നിശ്ചയിച്ച് നൽകുന്നത് പ്രകാരം അഡ്ഹോക്ക് ഡി.പി.സി (ലോവർ) യോഗം ചേരുകയുമാണ് ചെയ്യുന്നത്. |
| (ബി) | നിലവിലുള്ള തഹസിൽദാർ/സീനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്കുള്ള സീനിയോരിറ്റി ലിസ്റ്റിൽ വിട്ട് പോയവരെ ഉൾപ്പെടുത്തുവാൻ അഡ്ഹോക്ക് ഡി.പി.സി. കൂടാൻ തീരുമാനിച്ചിരുന്നോ; എങ്കിൽ എന്നത്തേയ്ക്കാണ് അത് തീരുമാനിച്ചിരുന്നത്; പ്രസ്തുത തീയതിയിൽ അഡ്ഹോക്ക് ഡി.പി.സി. കൂടിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണ് കൂടാതെ പോയത്; വ്യക്തമാക്കാമോ; | (ബി) | 20.02.2022ൽ കേരള പി.എസ്.സി പ്രസിദ്ധീകരിച്ച കേരള ക്രിമിനൽ ജുഡീഷ്യൽ ടെസ്റ്റ് പരീക്ഷാഫലം പ്രകാരം പരീക്ഷ വിജയിച്ച ഡെപ്യൂട്ടി തഹസിൽദാർ/ ജൂനിയർ സൂപ്രണ്ട് തസ്തികയിലെ ജീവനക്കാരെ സെലക്ട് ലിസ്റ്റിലുൾപ്പെടുത്തുന്നത് സംബന്ധിച്ച് തീരുമാനമെടുക്കുന്നതിനായി അഡ്ഹോക്ക് ഡി.പി.സി. (ലോവർ) യോഗം ചേരുന്നതിന് തീരുമാനിച്ചിരുന്നു. 13.06.2022 നാണ് ടി യോഗം ചേരുന്നതിന് തീരുമാനിച്ചിരുന്നത്. ടി തീയതിയിൽ |

| | | | |
|---|---|---|---|
| | | | അഡ്ഹോക്ക് ഡി.പി.സി. കൂടിയിട്ടില്ല. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ ഒ.എ. (ഇകെഎം) 836/2022 നമ്പർ കേസിൽ 10/06/2022 ൽ പുറപ്പെടുവിച്ച ഉത്തരവ് പ്രകാരം ഡി.പി.സി. (ലോവർ) യോഗത്തിൽ നിലവിലെ സെലക്ട് ലിസ്റ്റിലെ സീനിയോരിറ്റി പുനർ നിർണ്ണയിക്കുന്നതിന് സ്റ്റേ നൽകിയിരുന്നു. ആയതിനാൽ ഡി.പി.സി. ചേർന്നാലും 20.02.2022 ൽ കേരള പി.എസ്.സി. പ്രസിദ്ധീകരിച്ച കേരള ക്രിമിനൽ ജുഡീഷ്യൽ ടെസ്റ്റ് പരീക്ഷാഫലം പ്രകാരം പരീക്ഷ വിജയിച്ച ഡെപ്യൂട്ടി തഹസിൽദാർ/ ജൂനിയർ സൂപ്രണ്ട് തസ്തികയിലെ ജീവനക്കാരുടെ സീനിയോറിറ്റി തീരുമാനിക്കുന്നതിന് കഴിയാത്ത സാഹചര്യമുണ്ടായതിനാലാണ് പ്രസ്തുത അഡ്ഹോക്ക് ഡി.പി.സി. (ലോവർ) യോഗം ചേരാഞ്ഞത്. |
| (സി) | സീനിയോരിറ്റി ലിസ്റ്റിലെ നിശ്ചിത ക്രമനമ്പർ വരെയുള്ളവരുടെ സി.ആർ. 2022 ഏപ്രിൽ 20-ന് മുൻപ് സമർപ്പിക്കപ്പെട്ടെങ്കിലും ഡി.പി.സി. വൈകിയതിന്റെ കാരണം വ്യക്തമാക്കാമോ; | (സി) | ജീവനക്കാരുടെ സി.ആർ. പരിശോധനയ്ക്ക് വിധേയമാക്കി ഡി.പി.സി. നോട്ട്സ്, ഫീൽഡ് ഓഫ് ചോയ്സ്, സി.ആർ.-ന്റെ അടിസ്ഥാനത്തിലുള്ള ഗ്രേഡിംഗ് എന്നിവ തയ്യാറാക്കുന്നതിനും ജീവനക്കാരുടെ അച്ചടക്കനടപടിവിവരങ്ങൾ പരിശോധിക്കുന്നതിനും സമയം ആവശ്യമായിരുന്നു. പുതുതായി യോഗ്യതാ ടെസ്റ്റ് വിജയിച്ച ജീവനക്കാരെ ഉൾപ്പെടുത്തി അപ്രൂവ്ഡ് പ്രൊബേഷണേഴ്സ് ലിസ്റ്റ് തയ്യാറാക്കി ആയതിന്റെ അടിസ്ഥാനത്തിലാണ് മേൽ പരാമർശിച്ച രേഖകൾ തയ്യാറാക്കിയിരുന്നത്. ടി രേഖകൾ തയ്യാറാക്കി സമർപ്പിച്ചതിൻ പ്രകാരമാണ് 13.06.2022 ൽ ഡി.പി.സി. യോഗം ചേരുന്നതിന് തീരുമാനിച്ചിരുന്നത്. |
| (ഡി) | ക്രമമായ ഇടവേളകളിൽ യോഗ്യതാ നിർണയ പരീക്ഷ നടത്താതിരുന്നതിനാൽ കൃത്യ സമയത്ത് യോഗ്യത നേടാനാകാതിരുന്ന സീനിയേഴ്സിനെ ഒഴിവാക്കാനായി നിലവിൽ ഒഴിവില്ലാത്ത അവസരത്തിൽ നേരത്തെ യോഗ്യതാപരീക്ഷ പാസ്സായിട്ടുള്ള ഒഴിവിനനുസൃതമായതിലുമധികം എണ്ണം ജൂനിയേഴ്സിനെ ഉൾപ്പെടുത്തി ഡി.പി.സി. ലിസ്റ്റ് തയ്യാറാക്കിയതായ ആരോപണം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; എങ്കിൽ അപ്രകാരം ലിസ്റ്റ് തയ്യാറാക്കിയത് എന്തുകൊണ്ടാണെന്ന് പറയാമോ; | (ഡി) | ശ്രദ്ധയിൽപെട്ടിട്ടില്ല. 2022 ലെ സെലക്ട് ലിസ്റ്റ് തയ്യാറാക്കുന്നതിനായി ഡി.പി.സി (ലോവർ) യോഗം ചേരുന്നതിനായി ജീവനക്കാരുടെ കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ ക്ഷണിച്ചുകൊണ്ട് ലാൻഡ് റവന്യൂ കമ്മീഷണറുടെ കാര്യാലയത്തിൽ നിന്ന് 23.10.2021 ൽ എല്ലാ ഓഫീസ് മേലധികാരികൾക്കും കത്ത് നൽകിയിരുന്നു. അപ്രകാരം ലഭിച്ച കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ പരിഗണിച്ച് അപ്രൂവ്ഡ് പ്രൊബേഷണേഴ്സ് ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ ഡി.പി.സി നോട്ട്സ്, ഫീൽഡ് ഓഫ് ചോയ്സ്, ഗ്രേഡിംഗ് എന്നിവ തയ്യാറാക്കി ബഹു. ഡി.പി.സി. |

| | | | |
|---|---|---|---|
| | | | ചെയർമാന് സമർപ്പിക്കുകയും ആയത് പ്രകാരം 31.01.2022 ൽ പ്രസ്തുത യോഗം ചേർന്ന് സെലക്റ്റ് ലിസ്റ്റ് അംഗീകരിക്കുകയുമാണ് ചെയ്തത്. പ്രസ്തുത സെലക്റ്റ് ലിസ്റ്റ് 14.02.2022 ലെ 498 നമ്പർ കേരള ഗസറ്റ് (അസാധരണം) വിജ്ഞാപനം പ്രകാരം പ്രസിദ്ധീകരിക്കുകയും ചെയ്തു. 2022 ജനുവരി മുതൽ ഡിസംബർ വരെ നിലവിൽ വരുന്ന തഹസിൽദാർ/സീനിയർ സൂപ്രണ്ട് തസ്തികയിലെ ഒഴിവുകൾ പരിഗണിച്ചാണ് 90 ജീവനക്കാരെ ഉൾപ്പെടുത്തിയ സെലക്റ്റ് ലിസ്റ്റ് തയ്യാറാക്കിയത്. പ്രസ്തുത സെലക്റ്റ് ലിസ്റ്റിൽ ക്രമ നം. 81 വരെയുള്ള ജീവനക്കാർക്ക് സ്ഥാനക്കയറ്റം നൽകി കഴിഞ്ഞു. ഓരോ വർഷത്തേയും വാർഷിക ഡി.പി.സി. ചേരുന്നത് അതാത് വർഷം ഡിസംബർ വരെ നിലവിൽ വരാൻ സാദ്ധ്യതയുള്ള ഒഴിവുകൾ കണക്കാക്കിയാണ്. 2022 ലെ സെലക്റ്റ് ലിസ്റ്റ് തയ്യാറാക്കുന്നതിനായി ഡി.പി.സി. 31.01.2022 ൽ ചേർന്നതും 2022 ജനുവരി മുതൽ ഡിസംബർ വരെയുണ്ടാകുന്ന ഒഴിവുകൾ മുൻകൂട്ടി കണക്കാക്കിയാണ്. |
| (ഇ) | രണ്ടു വർഷത്തെ ഇടവേളക്കുശേഷം നടത്തിയ ക്രിമിനൽ ജുഡീഷ്യൽ പരീക്ഷയുടെ ഫലം പ്രഖ്യാപിക്കുന്നതിന് ഏതാനും ദിവസങ്ങൾക്ക് മുൻപ് മാത്രം ലോവർ ഡി.പി.സി. ലിസ്റ്റ് പരസ്യപ്പെടുത്തിയതിന്റെ കാരണം വ്യക്തമാക്കാമോ; | (ഇ) | 2022 ലെ സെലക്റ്റ് ലിസ്റ്റ് തയ്യാറാക്കുന്നതിനായി ഡി.പി.സി. (ലോവർ) യോഗം ചേരുന്നതിന് കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ ക്ഷണിച്ചുകൊണ്ട് ലാൻഡ് റവന്യൂ കമ്മീഷണറുടെ കാര്യാലയത്തിൽ നിന്ന് 23.10.2021 ൽ എല്ലാ ഓഫീസ് മേലധികാരികൾക്കും കത്ത് നൽകുകയും ആയതിന്റെ തുടർച്ചയായി 31.01.2022 ൽ പ്രസ്തുത യോഗം ചേർന്ന് സെലക്റ്റ് ലിസ്റ്റ് അംഗീകരിക്കുകയുമാണ് ചെയ്തത്. പ്രസ്തുത യോഗത്തിന്റെ മിനിട്സ് എല്ലാ അംഗങ്ങളും അംഗീകരിച്ച് ഗസറ്റ് വിജ്ഞാപനം പ്രസിദ്ധീകരിക്കുകയും ചെയ്തു. ക്രിമിനൽ ജുഡീഷ്യൽ ടെസ്റ്റ് പരീക്ഷാഫലം പ്രസിദ്ധീകരിക്കുന്നത് പി.എസ്.സി. ആണ്. പ്രസ്തുത പരീക്ഷാഫലം പ്രസിദ്ധീകരിക്കുന്നതും സെലക്റ്റ് ലിസ്റ്റ് പ്രസിദ്ധീകരിച്ചതും തമ്മിൽ പരസ്പരബന്ധമില്ല. |
| (എഫ്) | പ്രസ്തുത പരീക്ഷാഫലം വരുന്നതിന് ഏതാനും ദിവസം മുമ്പ് കൂടുതൽ ജൂനിയേഴ്സിനെ ഉൾപ്പെടുത്തി ഡി.പി.സി. ലിസ്റ്റ് തയ്യാറാക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കാമോ; | (എഫ്) | 31.01.2022 ൽ ഡി.പി.സി. യോഗം ചേരുമ്പോൾ യോഗ്യത നേടിയ ജീവനക്കാരെ ഉൾപ്പെടുത്തി, Kerala State and Subordinate Services Rules, 1958 ന്റെ ബന്ധപ്പെട്ട നിയമങ്ങൾക്കനുസൃതമായി സെലക്റ്റ് ലിസ്റ്റ് തയ്യാറാക്കി പരസ്യപ്പെടുത്തിയിട്ടുള്ളതാണ്. ആയതിന് 20.02.2022 ൽ പി.എസ്.സി. ക്രിമിനൽ ജുഡീഷ്യൽ ടെസ്റ്റ് പരീക്ഷാഫലം പ്രസിദ്ധീകരിച്ചതുമായി ബന്ധമില്ല. |

| | | | |
|---|---|---|---|
| (ജി) | റവന്യൂ വകുപ്പിലെ തഹസിൽദാർ പ്രമോഷനിൽ യോഗ്യത നേടിയ സീനിയർമാരായ റവന്യൂ ഉദ്യോഗസ്ഥരെ ഒഴിവാക്കി ജൂനിയർ ഉദ്യോഗസ്ഥർക്ക് പ്രമോഷൻ നൽകുന്നതിന് ഏതെങ്കിലും തരത്തിലുള്ള ഇടപെടലുകൾ നടന്നതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ? | (ജി) | ശ്രദ്ധയിൽപെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ